## ലികിഫൈഡ് നാച്യുറൽ ഗ്യാസ് ടെർമിനൽ

10 (*385)ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലികിഫൈഡ് നാച്യുറൽ ഗ്യാസ് ടെർമിനൽ സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് മുൻ സർക്കാരിന്റെ കാലത്ത് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടായിരുന്നുവോ;

(സി) ഇപ്പോൾ ഇത്തരത്തിലുള്ള ടെർമിനൽ സ്ഥാപിക്കുന്ന പ്രോജക്ടുമായി ആരെങ്കിലും മുന്നോട്ടു വന്നിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) കൊച്ചിയിൽ ഒരു ലികിഫൈഡ് നാച്യുറൽ ഗ്യാസ് ടെർമിനൽ സ്ഥാപിക്കുവാൻ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി പങ്കാളിത്തത്തോടുകൂടിയുള്ള ഒരു കമ്പനി (പെട്രോനെറ്റ്-എൽ.എൻ.സി) നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഈ പ്രോജക്ടിൽ കെ.എസ്.ഐ.ഡി.സി. ഓഹരിപങ്കാളിത്തം എടുക്കാൻ സന്നദ്ധത കാണിച്ചിട്ടുണ്ട്.

(ബി) അറിവില്ല.

(സി) പൊതുമേഖലാ സ്ഥാപനങ്ങളായ ഒ.എൻ.ജി.സി., ഗെയിൽ, ഐ.ഒ.സി, ബി.പി.സി.എൽ., എന്നിവയുടെ സംയുക്ത സഹകരണത്തോടെ സ്ഥാപിതമായ പെട്രോനെറ്റ് എൽ.എൻ.ജി. എന്ന കമ്പനി കൊച്ചിയിലെ പുതുവൈപ്പിനിൽ ഒരു എൽ.എൻ.ജി. ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള പണികൾ ആരംഭിച്ചുകഴിഞ്ഞു.

(ഡി) കൊച്ചിയിൽ സ്ഥാപിക്കുന്ന ടെർമിനലിന്റെ വാർഷിക സ്ഥാപിതശേഷി 25 ലക്ഷം ടൺ ആണ്. മുതൽമുടക്ക് ഏകദേശം 1600 കോടി രൂപയാണ്. കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ അധീനതയിലുള്ള 50 ഹെക്ടർ സ്ഥലം ഈ ടെർമിനലിനു വേണ്ടി പാട്ടാടിസ്ഥാനത്തിൽ വിട്ടുകൊടുക്കുവാൻ തീരുമാനമായിട്ടുണ്ട്. 2002-ൽ ടെർമിനലിന്റെ പണി തീരുമെന്ന് പ്രതീക്ഷിക്കുന്നു.

## നിർദ്ധനരായിട്ടുള്ള പെൺകുട്ടികളുടെ വിവാഹം നടത്തുവാനുള്ള പദ്ധതി

11 (*386)ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ധനരായിട്ടുള്ള പെൺകുട്ടികളുടെ വിവാഹം സമൂഹവിവാഹ പദ്ധതിയിലൂടെ നടത്തി കൊടുക്കാൻ സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റ് എന്തെങ്കിലും പരിപാടി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി നടപടികൾ സ്വീകരിക്കുമോ;

(സി) നിർദ്ധന കുടുംബങ്ങളിലെ പെൺകുട്ടികളെ വിവാഹം ചെയ്യിക്കുന്നതിനായി സാമ്പത്തിക സഹായം നൽകുന്ന എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ലെങ്കിൽ ഇതിനായി പ്രത്യേകം പദ്ധതി തയ്യാറാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഇല്ല.

(ബി) വകുപ്പിന് അധിക സാമ്പത്തിക ബാധ്യത വരുന്ന ഈ പദ്ധതി യെക്കുറിച്ച് ഇതുവരെയും പരിഗണിച്ചിട്ടില്ല.

(സി)&(ഡി) നിർദ്ധന കുടുംബങ്ങളിലെ പെൺകുട്ടികളെ വിവാഹം ചെയ്തിക്കുന്നതിനായി സാമ്പത്തിക സഹായം നൽകുന്ന പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ 10000/- രൂപയിൽ കവിയാത്ത വാർഷിക വരുമാനമുള്ള സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് 2500/- രൂപ സാമ്പത്തികസഹായം നൽകുന്ന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി വരു ന്നുണ്ട്.

## വിദേശ മലയാളികളുടെ നിക്ഷേപം വ്യവസായ വികസനത്തിന് ഉപയോഗപ്പെടുത്താൻ നടപടി

12 (*387)ശ്രീ. ഇ.എം. അഗസ്തി :

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ മലയാളികളുടെ നിക്ഷേപം സംസ്ഥാനത്തിലെ വ്യവ സായ വികസനത്തിന് ഉപയോഗപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കു ന്നുണ്ടോ;

(ബി) അതിനുവേണ്ടി ഗവൺമെന്റിന് എന്തെല്ലാം പരിപാടികൾ ഉണ്ട്;

(സി) ഈ പരിപാടികൾ വിദേശ മലയാളികളുടെ ശ്രദ്ധയിൽപ്പെടു ത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ആരെല്ലാം സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കു വാൻ തയ്യാറായി വന്നിട്ടുണ്ട്?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ)&(ബി) ഉണ്ട്. കിൻഫ്ര, ടെക്നോപാർക്ക്, വ്യവസായ വികസന കോർപ്പറേഷൻ എന്നിവ വ്യവസായ നിക്ഷേപത്തിനു വേണ്ട എല്ലാ ഒത്താശ കളും ചെയ്തുകൊടുക്കുന്നു. വിദേശ മലയാളികളുടെ നിക്ഷേപം കൊണ്ടുവ രുന്നതിനുവേണ്ടിയുള്ള ശ്രമം ഈ സ്ഥാപനങ്ങൾ നടത്തുന്നു. ടെക്നോ പാർക്കിനെ എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടും കൂടിയ ഒരു ഐ.റ്റി.പാർക്കായി വളർത്തിയെടുത്ത് വിദേശമലയാളികളെ സംസ്ഥാനത്ത് നിക്ഷേപം നടത്താൻ പ്രേരിപ്പിക്കുന്നു. ഭാരതത്തിനു വെളിയിൽ ഗൾഫ് തുട ങ്ങിയ രാജ്യങ്ങളിൽ 'ഇൻവെസ്റ്റ്മെന്റ് മീറ്റുകൾ' സംഘടിപ്പിക്കുകയും സി-ഡിറ്റ് തുടങ്ങിയ അന്താരാഷ്ട്ര ട്രേഡ്ഫെയറുകളിലും മറ്റും പങ്കെടുത്ത് അവിടെ യെല്ലാം മൂലധന നിക്ഷേപത്തിന് ഏറ്റവും അനുയോജ്യമായ ഒരു ഐ.റ്റി. പാർക്കായി ടെക്നോപാർക്കിനെ ഉയർത്തിക്കാട്ടുന്നു. വിദേശ മലയാളികളെ

LIBRARY ARCHIVES Kerala Legislative Assembly